പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 2077

11.02.2020- ൽ മറുപടിയ്ക്ക്

## ജയിലുകളിലെ അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. വി. ജോയി<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. പി.കെ. ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ജയിലുകളിൽ അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന കാലാനുസൃതമായ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും തദ്വാര സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുവേണ്ടി തടവുകാർക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ, കൗൺസിലിംഗ്, കലാകായിക വിനോദങ്ങൾ, വിവിധ സാസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിക്കാറുണ്ട്. ജയിലുകളിൽ ടെലിവിഷൻ, ന്യൂസ് പേപ്പറുകൾ, പ്രൊജക്റ്ററുകൾ, ലൈബ്രറി എന്നീ സംവിധാനങ്ങൾ ലഭ്യമാണ്. തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കുന്നതിനും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് പൊതു സമൂഹത്തിൽ ജീവിയ്ക്കാൻ പ്രാപ്തരാക്കുന്നതിനുമുള്ള പദ്ധതികളും സൗകര്യങ്ങളും വളരെ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കി വരുന്നു. |
| (ബി) വെറും തടവറ എന്നതിലുപരി തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കി മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് ശിക്ഷാ കാലാവധിക്കുശേഷം പൊതുസമൂഹത്തിൽ മാന്യമായി ജീവിക്കാൻ അവരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള എന്തെല്ലാം അവബോധ പ്രവർത്തനങ്ങളാണ് ജയിലുകളിൽ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. അതോടൊപ്പം തടവുകാരുടെ മനപരിവർത്തനത്തിനായി വിവിധ വിഷയങ്ങളിലും മതപരവുമായി സാന്മാർഗ്ഗീക ബോധനം നടത്തി വരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെയും സർക്കാർ ഏജൻസികളുടേയും സഹായത്തോടെ കൗൺസിലിംഗ് പരിപാടികളും വിനോദത്തിനുള്ള കലാ സാംസ്കാരിക പരിപാടികളും മറ്റ് ക്ഷേമ പരിപാടികളും നിരന്തരമായി ജയിലുകളിൽ സംഘടിപ്പിച്ച് വരുന്നു. തടവുകാർക്കുള്ള |

കൗൺസിലിംഗിനായി വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടുള്ളതിനാൽ ഇവരുടെ സേവനവും ലഭ്യമാണ്. ജയിൽ ജ്യോതി എന്ന പേരിൽ സാക്ഷരതാ മിഷനുമായി സഹകരിച്ച് സാക്ഷരതാ ക്ലാസുകളും സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകി വരുന്നു. ഇഗ്നോ പോലെയുള്ള ഓപ്പൺ യൂണിവേഴ്സിറ്റികളും വിദൂര വിദ്യാഭ്യാസ കോഴ്സുകളും കേരളാ യൂണിവേഴ്സിറ്റിയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ കോഴ്സുകളും നടത്തിവരുന്നു. ജയിൽ ജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിന് വിനോദ കായിക പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വായനാശീലം വളർത്തുന്നതിന് എല്ലാ ജയിലുകളിലും ലൈബ്രറി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വർത്തമാനപത്രങ്ങൾ, ആധുനിക മാസികകൾ, ടെലിവിഷനുകൾ, എഫ്.എം. റേഡിയോ എന്നിവയും ജയിലുകളിൽ ലഭ്യമാണ്. തടവുകാരുടെ വിനോദത്തിനായി എല്ലാ വർഷവും ജയിൽ ക്ഷേമദിനാഘോഷവും സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജയിൽ അന്തേവാസികളുടെ കലാ കായിക മത്സരങ്ങളും കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

ശിക്ഷാ തടവുകാർക്ക് അവരുടെ കുടുംബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിനും ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തരത്തിലുള്ള പരോളുകൾ നൽകി വരുന്നുണ്ട്. ജയിലിലെ അന്തേവാസികൾക്ക് അവരുടെ കുടുംബാംഗങ്ങളുമായി സംസാരിക്കുന്നതിന് ടെലിഫോൺ സൗകര്യം എല്ലാ ജയിലുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ജയിലിലെ നല്ല സ്വഭാവത്തിനും ഏൽപ്പിക്കുന്ന ജോലി കൃത്യമായി നിർവ്വഹിക്കുന്നതിനും ശിക്ഷാ ഇളവും നിയമാനുസൃതം നൽകി വരുന്നുണ്ട്.

| | |
|---|---|
| (സി) ജയിൽ മോചനത്തിന് ശേഷം പുറത്തിറങ്ങുമ്പോൾ വരുമാനം ലഭിക്കുന്ന തരത്തിലുള്ള എന്തെല്ലാം തൊഴിൽ പരിശീലനങ്ങളാണ് ജയിലുകളിൽ നൽകി വരുന്നത് ; | (സി) ഡ്രൈവിംഗ് പരിശീലനം, കാർപ്പന്ററി, വീവിംഗ്, ടെയ് ലറിംഗ്, അഗ്രികൾച്ചറൽ ഫാമിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, എൽ.ഇ. ഡി. ബൾബ് നിർമ്മാണം, സോപ്പ്, ഫിനോയിൽ, പേപ്പർ, മെഴുകുതിരി, ചോക്ക് നിർമ്മാണം, കട നിർമ്മാണം, തടി കളിപ്പാട്ട നിർമ്മാണം, മൃദു പാവ നിർമ്മാണം, ഫോട്ടോഗ്രാഫി, ഡി.റ്റി.പി. പരിശീലനം, സോളാർ എനർജി & സോളാർ മെയിന്റനൻസ്, ചെണ്ടമേളം, വെൽഡിംഗ്, ആധുനിക ബ്യൂട്ടി പാർലർ പരിശീലനം, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയിന്റനൻസ്, കരകൗശല.. വസ്തുക്കളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം, വെർമി കമ്പോസ്റ്റ് & ജീവാമൃതം നിർമ്മാണം, കോഴി വളർത്തൽ, ഷോർട്ട് ഫിലിം / ഡോക്യുമെന്ററി പ്രൊഡക്ഷൻ, യോഗ & മെഡിറ്റേഷൻ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ, സ്ക്രീൻ പ്രിന്റിംഗ്, ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ്, യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനം, കുക്കറി, ബേക്കറി & കൺഫെക്ഷനറി എന്നീ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | ജയിലുകളിലെ സുരക്ഷാ സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതിനും ജയിലുകളുടെ നവീകരണത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 55 ജയിലുകളിൽ 52 ജയിലുകളിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. അതിൽ 3 സെൻട്രൽ പ്രിസണുകളിലും 3 ജില്ലാ ജയിലുകളിലും സി.സി.ടി.വി. സംവിധാനം നവീകരിക്കുന്നതിനുള്ള പ്രവർത്തി നടന്നുവരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്ന പദ്ധതി നടന്നുവരുന്നു. എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ നൽകിയിട്ടുണ്ട്. ജയിൽ ചാട്ടം പോലുള്ളവ തടയുന്നതിന് തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്.<br>ജയിൽ സുരക്ഷ കൂടുതൽ കർശനമാക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ X-ray Baggage inspection system, Door frame Metal Detector, Non-linear Junction detector, security pole എന്നിവ സ്ഥാപിക്കുന്നതിന് നടപ്പ് വർഷം 5.48 കോടി (അഞ്ച് കോടി നാൽപ്പത്തിഎട്ട് ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ